## കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് വജ്രജൂബിലി
## കുടുംബ സംഗമം വലിയകുന്ന് യൂണിറ്റ്

1962 സെപ്തം. 10ന് ദേവഗിരി കോളേജിൽ വെച്ച് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് എന്ന സംഘടന രൂപം കൊണ്ടു.

ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആദ്യരൂപം സാസ്ത്രസാഹിത്യ സമിതി എന്നായിരുന്നു.

1957 ഒറ്റപ്പാലം ഹൈസ്കൂളിൽ വെച്ച് നടന്ന സാഹിത്യ സമിതിയുടെ ആദ്യ സമ്മേളനത്തിൽ സാഹിത്യകാരൻമാരുടെ പ്രത്യേക യോഗം നടന്നു. യോഗത്തിൽ പി.കെ. കോരു മാസ്റ്റർ പ്രസിഡണ്ട്, ഒ.പി. നമ്പൂതിരിപ്പാട് സെക്രട്ടറിയുമായി.

കെ.എസ്.എസ്.പി. വലിയകുന്ന് യൂണിറ്റ് 1984ൽ ആണ് രൂപം കൊണ്ടത്. കലാജാഥക്കളെ സ്വീകരിച്ചത് മുതൽ യൂണിറ്റിന് തുടക്കം. എം.വി. മോഹനൻ മാഷ്, പി.എം. ഗോപാലേട്ടൻ, മുരളിദാസ് മാഷ്, മുകുന്ദൻ മാഷ് എന്നിവരിലൂടെ ആദ്യകാല പ്രവർത്തനം ആരംഭിച്ചു.

പ്രദേശത്തെ ഇടതുപക്ഷ സഹചാരികളും സാംസ്കാരിക നായകരും പരിഷത്തിന്റെ പോരാട്ടത്തിന് സഹായകരമായി. ജയ് സോമനാഥ്, നാരായണൻ, ശ്രീധരേട്ടൻ, എം.എസ്. മോഹനൻ തുടങ്ങിയ ജില്ലാതല പ്രവർത്തകർ വലിയകുന്ന് പരിഷത്ത് പ്രവർത്തനങ്ങൾക്ക് ഊർജം പകർന്നു. സംസ്ഥാന തലത്തിൽ നിന്നും വന്ന ധാരാളം പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടാണ് പഞ്ചായത്തിൽ പരിഷത്ത് സ്വീകാര്യത നേടി.

ബിന്ദു, ചന്ദ്രിക ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ ചൂടാറാപെട്ടിയും പരിഷത്ത് അടുപ്പുകളും സോപ്പ് ഉൽപ്പന്നങ്ങളും ധാരാളം പ്രചരിപ്പിച്ചു. മോഹനൻ മാഷ്, നന്ദൻ, മുകുന്ദൻ തുടങ്ങിയവർ കേരളത്തിൽ ചരിത്ര സംഭവമായ സാക്ഷരതാ പ്രസ്ഥാനം സജീവമായ കാലഘട്ടത്തിലാണ് വലിയകുന്ന് യൂണിറ്റിന്റെ രൂപീകരണം നടക്കുന്നത്. സുകുമാരൻ മാഷ്, നഫീസ ടീച്ചർ, മുഹമ്മദലി മാസ്റ്റർ, ശശികല ടീച്ചർ എല്ലാം യൂണിറ്റ് രൂപീകരണത്തിൽ സജീവ പങ്കാളിത്തം ഉണ്ടായി.

ആദ്യകാല ഭാരവാഹികളായ പി.എം.ഗോപാലേട്ടൻ, മുരളി മാഷ്, നന്ദൻ, തുടങ്ങിയവർ പരിഷത്തിനെ നയിച്ചു.

ജനകീയാസൂത്രണത്തോടു കൂടി എം.ഉണ്ണികൃഷ്ണൻ, പി.ഉണ്ണികൃഷ്ണൻ എന്നിവർ സജീവമായി ഇവരോടൊപ്പം ഉണ്ണികൃഷ്ണൻ പൊറ്റമ്മൽ, ശ്രീജിത്ത്, ജീവൻ മോഹൻ, സുർജിത്ത്, രാമചന്ദ്രൻ മാസ്റ്റർ, സുരേഷ് എന്നിവർ നാടക രംഗത്ത് സജീവമായി. രാമൻ നല്ലവൻ എന്ന നാടകത്തിലൂടെ സുരേഷ് പ്രധാന കഥാപാത്രമായി.

ഒ.കെ.റഹ്മാൻ, മുരളി മനോഹരൻ ഹരിദാസ്, വിനു എന്നിവരുടെ നേതൃത്വത്തിൽ കോട്ടപ്പുറത്ത് യുവധാര ക്ലബ് സംഘടിപ്പിച്ചത് പരിഷത്തായിരുന്നു. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് എം. ഉണ്ണി മാഷ്, പി.ഉണ്ണി മാഷ്, വിജയേട്ടൻ, എസ്.പി. കുഞ്ഞൻ എന്നിവർ ചാലകശക്തികളായി പ്രവർത്തിച്ചു.

യൂണിറ്റിന്റെ പ്രധാന പ്രവർത്തനമായിരുന്നു പത്താം ക്ലാസ് തുല്യത പരീക്ഷ പരിഷത്തിനോടൊപ്പം അക്കാദമിക ഇടപെടൽ ഫാത്തിമ്മ ടീച്ചർ നടത്തുകയുണ്ടായി. അക്കാലത്ത് ധാരാളം കുട്ടികൾ എസ്.എസ്.എൽ.സി. വിജയിച്ചു.

ആവേശോജ്ജ്വലമായ പരിഷത്തിന്റെ നിരന്തര ഇടപെടൽ ഇന്ന് പ്രവർത്തിക്കുന്ന ഇടം ഗ്രാമവികസന കേന്ദ്രം വരെ എത്തി.സംസ്ഥാന തലത്തിൽ ശ്രദ്ധേയമായ ഒരു സ്ഥാപനമായി പ്രവർത്തിക്കാൻ 2021 ജനുവരി 26ന് കഴിഞ്ഞു. കൃഷി, സംസകാരം, മാലിന്യ സംസ്കരണം, ആരോഗ്യം, അക്കാദമികം, ലൈബ്രറി എന്നിവയുടെ കേന്ദ്രം പ്രഭുവേട്ടന്റെ ജീവിത സം ബാദ്യമായ പുസ്തകങ്ങൾ എല്ലാം ഇടം ഗ്രാമവികസന കേന്ദ്രത്തിന് നൽകിയത് വലിയ ഊർജ്ജമായി. ഈ സാഹചര്യത്തിൽ പ്രഭുവേട്ടനെ സ്മരിക്കുന്നു.

പ്രളയം, നിപ്പ, കോവിഡ് ദുരന്തം എന്നിവയിൽ വലിയകുന്ന് യൂണിറ്റ് നടത്തിയ പ്രതിരോധം പ്രശംസനീയമാണ്. പ്രളയത്തിന് ശേഷം യൂണിറ്റിൽ നടന്ന പ്രധാന പ്രവർത്തനമായിരുന്നു പരിസ്ഥിതി സർവ്വേ. പൊന്നാനി എം.ഇ.എസ്. കോളേജിലെ അധ്യാപകൻ ഡോ. ബ്രിജേഷിന്റെ നേതൃത്വത്തിൽ കെ.ആർ. കോളേജ് ലെജിയോളജി വിഭാഗം നടത്തിയ ഏകദിന സർവ്വേ മാതൃകാപരമായ പ്രവർത്തനം ആയിരുന്നു വിദ്യാർത്ഥികള ഏകോപിപ്പിക്കുന്നതിന് നേതൃസ്ഥാനം വഹിച്ചത് കൃഷ്ണപ്രഭ ടീച്ചർ ആയിരുന്നു. തുടർന്ന് നടത്തിയ ബഹുജന ക്യാംപെയിനിൽ തയ്യാറാക്കിയ രേഖ പഞ്ചായത്തിന് സമർപ്പിച്ചു. കേരള പഠനം മാതൃകാപരമായി നടത്തിയ യൂണിറ്റ് കളിൽ വലിയകുന്ന് ഇടം പിടിച്ചു. പുറമണ്ണൂർ യൂണിറ്റിൽ നടത്തിയ കലാജാഥ സ്വീകരണത്തിലും വലിയകുന്ന് യൂണിറ്റ് മികച്ച പ്രകടനം നടത്തി.

ഇടത്തിന് ഒരു ഇടം തന്ന ചന്ദ്രിക ടീച്ചറും കുടുംബവും പരിഷത്തിന്റെ നെടുംതൂണുകൾ ആയി നമ്മൾ കണ്ടു പോരുന്നു. ഇതിൽ ഒരു പാട് പ്രവർത്തനങ്ങൾ ആദ്യകാല പ്രവർത്തകരിൽ നിന്ന് കിട്ടിയ വിവരങ്ങളുടെ ആധാരത്തിൽ തയ്യാറാക്കിയതാണ്. സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് യുവനിര പുതിയ ദിശാബോധം നൽകിയിട്ടുണ്ട്. രവി, ജംഷീർ, ദീപു ജി.ജി, സുർജിത്ത് എന്നിവർ യൂണിറ്റിന്റെ മുതൽകൂട്ടാണ്.